

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

10 JANUARY 2020

14 JAMADI'UL AWWAL 1441 AH

# The Promise of Allah to the Prophet & the Believers (Part 1)

# പ്രവാചകനും വിശ്വാസികൾക്കും അല്ലാഹു നൽകുന്ന വാഗ്ദാനം (ഭാഗം 1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പ്രവാചകനും വിശ്വാസികൾക്കും അല്ലാഹു നൽകുന്ന വാഗ്ദാനം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശ്വാസികളെ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചുമടങ്ങുക. നിഷ്ക്കളങ്കമായ പശ്ചാത്താപം നിങ്ങളുടെ നാഥൻ നിങ്ങളിൽ നിന്ന് നിങ്ങളുടെ പാപങ്ങൾ ദൂരികരിക്കുകയും നിങ്ങളെ താഴ്വാരത്ത് കൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്തേക്കും. അല്ലാഹു(ത) പ്രവാചകനേയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരേയും നിന്ദിക്കാത്ത നാളിൽ. അവരുടെ മുന്നിലും വലതുവശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. അവർ പ്രാർത്ഥിക്കും. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ച് തരേണമെ. ഞങ്ങൾക്ക് പൊറുത്തു തരേണമെ! തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ് (66:9) സൂറ:അത്തഹ്രീം.

ഈ ഖുർആനിക വചനത്തിന്റെ വെളിച്ചത്തിൽ, ഞാൻ നിങ്ങളുടെ മുൻപാകെ ഒരു പ്രവാചക വചനം സമർപ്പിക്കുകയാണ്, ഹസ്രത് അബൂദർറ്(റ)വും ഹസ്രത് അബൂദർദാ(റ)വും റിപ്പോർട്ട് ചെയ്തിരിക്കുന്നു. അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞിരിക്കുന്നു. വിധി നാളിൽ ഞാൻ എന്റെ ജനതയെ തിരിച്ചറിയുന്നതാണ്. അപ്പോൾ സഹാബാക്കൾ ചോദിക്കുകയുണ്ടായി, അല്ലയോ അല്ലാഹുവിന്റെ ദൂതരെ! താങ്കൾ എങ്ങനെയാണ് താങ്കളുടെ ആളുകളെ തിരിച്ചറിയുക? അപ്പോൾ ഹസ്രത് മുഹമ്മദ് മുസ്ത

ഫ(സ) പ്രതിവചിക്കുകയുണ്ടായി. നിങ്ങളുടെ മുൻപാകെ ഉണ്ടാകുന്ന പ്രകാശം കണ്ടായിരിക്കും ഞാൻ നിങ്ങളെ തിരിച്ചറിയുന്നത്.

ആയതിനാൽ, ഈ ലോകത്ത് ആരിലാണോ പ്രകാശമുള്ളത് (വിശ്വാസത്തിന്റെ പ്രകാശം) വിധിനാളിൽ ഈ പ്രകാശം അവരുടെ മുൻപാകെ ഉണ്ടാകും. അവരുടെ വലതുഭാഗത്തും ഉണ്ടാകും.

സൂറ:അന്നൂറിലെ 56-ാം വചനം നിങ്ങൾ വായിക്കുക. അതിൽ അല്ലാഹു(ത) പറയുന്നു. നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനെയും അവർ പങ്കു ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ, അവർ തന്നെയാണ് ധിക്കാരികൾ (24:56)

അല്ലാഹുവിന്റെ വഴി എപ്പോഴും ഇങ്ങനെതന്നെയാണ്. അത് മനുഷ്യാരംഭം മുതലുള്ള അവന്റെ നടപടിക്രമം ഇങ്ങനെതന്നെയാണ്. ഇതുതന്നെയാണ് നമുക്ക് അവൻ വിശദീകരിച്ചു തന്നിട്ടുള്ളതും അല്ലാഹു, അവൻ തന്നെയാണ്, അവന്റെ തെരഞ്ഞെടുത്ത പ്രതിനിധിയെ, റസൂൽനെ, പ്രവാചകനെ ഖലീഫത്തുല്ലാഹ്‌യെ ഉയർത്തുന്നതും നിയോഗിക്കുന്നതും, ഈ വചനം നമുക്ക് മനസ്സിലാക്കിതരുന്നതുപോലെ! അല്ലാഹു(ത) ഈ വചത്തിൽ പറയുന്നു, അതായത് ഇതൊരു വാഗ്ദാനമാണ്, പ്രസ്തുത വാഗ്ദാനം അവൻ പറയുന്നത് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവനോടാണ് ഈ വാഗ്ദാനം, അല്ലാഹു(ത) ചെയ്യുന്നത്, പ്രവർത്തി ചെയ്യുന്ന എല്ലാവരോടുമല്ല; അത്തരം പ്രവർത്തികൾ അവനെ സന്തുഷ്ടനാക്കുന്നില്ല. അവന്റെ അധ്യാപനങ്ങൾക്ക് നിരക്കാത്ത പ്രവർത്തികൾ ചെയ്യുന്നവരോടുമല്ല, അല്ലാഹു(ത) പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്തെന്നാൽ, അവന്റെ അധ്യാപനങ്ങൾക്ക് എതിരായി പോകാത്ത, പിൻഗാമികളെ അവൻ ഭൂമിയിൽ നിശ്ചയിക്കും (അവന്റെ ഖലീഫമാരെ/ പ്രതിനിധികളെ) ഇത് ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു ഖലീഫയല്ല. ഒരു ഖലീഫയെ തെരഞ്ഞെടുക്കുന്നതിന് ജനങ്ങളെല്ലാം ഒത്തുചേർന്ന് തെരഞ്ഞെടുക്കുന്ന രീതി. വിവിധ

മാനസിക നിലവാരമുള്ള ആളുകൾ ഒത്തു ചേർന്ന് ഈ ഒരു തീരുമാനം എടുക്കുന്നതിനായി തീർച്ചയായും അല്ലാഹു(ത)യ്ക്ക് മാത്രമെ ജനഹൃദയങ്ങളുടെ അവസ്ഥ അറിയുവാൻ കഴിയുകയുള്ളു. അതുകൊണ്ടാണ് അവൻ ഈ ഒരു തീരുമാനമെടുക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തത്. എന്നിട്ട് അവൻ വാഗ്ദാനം ചെയ്തത്, അവൻ മാത്രമാണ്, അവൻ തന്നെയാണ് ഭൂമിയിൽ അവന്റെ പ്രതിനിധിയെ നിശ്ചയിക്കുന്നത്. അവർക്കു മുമ്പുള്ളവരിലേക്ക് അവൻ അത്തരം ഖലീഫമാരെ നിശ്ചയിച്ചതുപോലെ! അവർക്ക് വേണ്ടി അവന്റെ ദീനിനെ അവൻ സ്ഥാപിക്കും, അതായത് അവൻ അവർക്കായി തിരഞ്ഞെടുത്ത മതത്തെ അവരുടെ ഭയത്തിന് ശേഷം, അവർക്ക് സുരക്ഷിതത്വവും സമാധാനവും പ്രദാനം ചെയ്യുന്നു.

ഈ വചനം നിങ്ങൾ പാരായണം ചെയ്യുമ്പോൾ, ഇതിൽ കൂടുതൽ രസകരമായി തോന്നുന്ന കാര്യം അല്ലാഹു(ത) ഇതിൽ ഉപയോഗിച്ചിരിക്കുന്ന വചനങ്ങളുടെ ഘടനയാണ്. അത് നമുക്ക് ഗ്രഹിക്കുവാൻ എളുപ്പമായി തീരുകയും ചെയ്യുന്നു. കാരണം ഇത് കഴിഞ്ഞ കാലങ്ങളിൽ അവൻ ചെയ്തുകൊണ്ടിരുന്ന നടപടിക്രമമാണിത്. അതിനു യാതൊരുവിധ മാറ്റവുമില്ലാതെ തുടർന്നു കൊണ്ടിരിക്കുന്നു. നോക്കു, കഴിഞ്ഞ കാലങ്ങളിൽ മുൻഗാമികളിൽ ഇത്തരം നിയോഗങ്ങളുണ്ടായിരുന്നു. അതുപോലെ ഇപ്പോൾ നിങ്ങളിലും അവരുടെ പിനഗാമികളിൽ നിന്ന് അവൻ തെരഞ്ഞെടുത്ത് നിങ്ങൾക്ക് അനുഗൃഹമായി അവൻ നിശ്ചയിക്കുന്നു. ആയതിനാൽ തികച്ചും വ്യക്തമായ കാര്യമാണ്, ഇത്തരം പിൻതുടർച്ചക്കാരെ നിശ്ചയിക്കുന്നത് മനുഷ്യർ തെരഞ്ഞെടുക്കുന്നവരെയല്ല. ഒരു കമ്മിറ്റി കൂടി തെരഞ്ഞെടുക്കുന്നതുമല്ല; അഥവാ ഒരു സഭയിൽ വെച്ച് തെരഞ്ഞെടുക്കുന്നതുമല്ല. തെരഞ്ഞെടുപ്പും, സദസ്സും, ഭൂരിപക്ഷം ഇവയൊന്നും നോക്കിയല്ല അവന്റെ തെരഞ്ഞെടുപ്പ്. അല്ലാഹു(ത) ഈ വാഗ്ദാനം ചെയ്തപ്പോൾ, അവൻ മാത്രമാണ്, ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ ഏറ്റെടുക്കുന്നത്, അങ്ങനെയാണ് അവൻ അവന്റെ അനന്തരാവകാശിയെ നിശ്ചയിക്കുന്നത്, അങ്ങനെ അവന്റെ പരിശുദ്ധ വചനം കൊണ്ട്, റൂഹുൽ ഖുദ്സ് കൊണ്ട് അവന്റെ പ്രതിനിധിയെ ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇതാണ് അല്ലാഹുവിന്റ നടപടിക്രമം. മനുഷ്യനെ സൃഷ്ടിച്ച കാലം മുതൽ അവൻ പിൻതുടരുന്ന അവന്റെ നടപടിക്രമമാണിത്, ഇതിന് യതൊരു വിധ മാറ്റവുമില്ല. അവൻ, അവൻ തന്നെയാണ് അവന്റെ സേവകനെ തെരഞ്ഞെടുക്കുന്നത്. (മനുഷ്യനല്ല) അല്ലാഹു(ത) അവന്റെ പ്രവാചകന്മാർക്ക്

ആവശ്യമായ സഹായവുമായി വരുന്നു. (നിങ്ങൾ അവരെ ഇപ്രകാരമൊക്കെ വിളിക്കുന്നതാണ്. അവന്റെ തെരഞ്ഞെടുത്ത ദാസന്മാർ, അവന്റെ പ്രവാചകന്മാർ, അവന്റെ ദൂതന്മാർ അവന്റെ ഖലീഫമാർ തുടങ്ങിയ പേരുകളിൽ (മറ്റുള്ള ജനങ്ങൾക്കിടയിൽ അവൻ അവർക്ക് മുൻഗണന നല്കുന്നു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ സൂറ അൽമുജാദിലയിൽ അധ്യായം 58, വചനം 22ൽ പറയുന്നു. അല്ലാഹു വിധിച്ചിരിക്കുന്നു. നിശ്ചയം ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യും (58:22)

വിജയസോപാനത്തിലേറുക, നേട്ടം കൊയ്യുക, അതിജയിക്കുക അഥവാ മേലധികാരം നേടുക എന്നീ വാക്കുകളെ നമുക്ക് ഇപ്രകാരം വിവരിക്കാവുന്നതാണ്. ചരിത്രപരമായി നാം നോക്കിയാൽ എല്ലാ പ്രവാചകന്മാരുടെയും തീഷ്ണമായ ഇഛ അല്ലാഹുവിന്റെ വഴിയിലുള്ള വാദങ്ങളെ ശക്തിയുക്തം ഭൂമിയിൽ സ്ഥാപിക്കുക എന്നതാകുന്നു. അത് മറ്റാരാലും ഖണ്ഡിക്കുവാൻ സാധ്യമാകാത്ത നിലയിൽ!മഹത്തായ ദൃഷ്ടാന്തങ്ങളുടെ പിൻബലത്താൽ, അല്ലാഹു(ത) അവരുടെ സത്യതയെ സ്ഥാപിക്കുന്നു. പ്രസ്തുത പ്രവാചകന്മാരുടെ കരങ്ങളിലൂടെ അല്ലാഹു(ത) നന്മയുടെ വിത്തുകൾ വിതയ്ക്കുന്നു. അത് എല്ലായിടത്തും വ്യാപിപ്പിക്കുവാൻ പ്രസ്തുത പ്രവാചകന്മാർ കഠിനയത്നം ചെയ്യുന്നു. എന്നാൽ അല്ലാഹു(ത)അവരുടെ കൈകളിലൂടെ പ്രസ്തുത ദൗത്യം പരിപൂർണ്ണതയിലെത്തിക്കുന്നില്ല. അത്തരം ഒരു സാഹചര്യത്തിൽ അവരുടെ മരണം സമാഗതമാകുന്നു. അത്തരം ഒരു കാലഘട്ടത്തിൽ അവരുടെ ദൗത്യം പരാജയമായി എന്നു തോന്നുന്ന അവസ്ഥയിലെത്തുമ്പോൾ, ശത്രുക്കൾക്ക് അവരെ പരിഹസിക്കുവാനുള്ള അവസരം ലഭ്യമാകുന്നു. എന്നാൽ ഈ ശത്രുക്കളുടെ, എതിരാളികളുടെ പരിഹാസത്തിനും നിന്ദ്യതപ്പെടുത്തലിനുമിടയിൽ അല്ലാഹു(ത) മറ്റൊരു ദൃഷ്ടാന്തം, ശക്തി പ്രഭാവം അവർക്കിടയിലേക്ക് ഇട്ടുകൊടുക്കുന്നു. അങ്ങനെ സംഭവങ്ങളുടെ ഒരു പരമ്പര തന്നെ അവരിലുണ്ടാകുന്നു. ഒടുവിൽ അത് വിജയത്തിൽ കലാശിക്കുകയും ചെയ്യുന്നു. അത് ഈ പ്രവാചകന്മാരുടെ പരമലക്ഷ്യമായിരുന്നുതാനും! അതായത് അല്ലാഹു(ത) അവന്റെ ശക്തി പ്രഭാവം രണ്ടു രീതിയിൽ പ്രകടമാക്കുന്നു. ഒന്നാമത്തേത് അവന്റെ പ്രവാചകന്മാരുടെ കാലഘട്ടത്തിൽ. അവരുടെ പ്രവർത്തനങ്ങളിലൂടെ അല്ലാഹു(ത) അവന്റെ ശക്തി പ്രഭാവം അവന്റെ കരങ്ങൾ കൊണ്ട് കാണിക്കുന്നു. അല്ലാഹു(ത) അവന്റെ പ്രവാചകന്മാർക്ക് അത്തരം ശക്തി പ്രദാനം ചെയ്യുന്നു) രണ്ടാമത്തേത് അവന്റെ പ്രവാചകന്റെ മര

ണശേഷം, അദ്ദേഹത്തിന്റെ അനുചരന്മാർ, എല്ലാവിധ പ്രയാസ ങ്ങളിലൂടെയും കടന്നുപോകുന്നു. ശത്രുക്കൾ ശക്തി പ്രാപിക്കു ന്നു. അവർ പ്രവാചകന്റെ മരണത്തോടെ അദ്ദേഹത്തിന്റെ ദൗത്യം എല്ലാം തീർന്നു എന്ന് പ്രഘോഷിക്കുന്നു, അവർ തുടർന്നും പ്രച രിപ്പിക്കും, അദ്ദേഹത്തിന്റെ അനുചരന്മാരും ഇതോടെ നശിച്ചൊ ടുങ്ങും. പ്രസ്തുത ജമാഅത്തിലെ അംഗങ്ങൾ പോലും സംശയ ത്തിലാകും. ഈ ജമാഅത്തു പൊട്ടിതകർന്നുവോ എന്ന്! നിരാ ശരായ ചിലർ, ഇത് പ്രവാചകൻ ആയിരുന്നോ എന്ന് പോലും സംശയിച്ചുവശാകും. ഈ അവസ്ഥയിൽ അല്ലാഹു(ത) അവന്റെ ശക്തി പ്രഭാവം വീണ്ടും പ്രകടമാക്കുന്നതാണ്, പ്രയാസത്തിലക പ്പെട്ട പ്രസ്തുത സമുദായത്തെ, ജമാഅത്തിനെ അവൻ രക്ഷി ക്കുന്നതാണ്. അവസാനംവരെയും ക്ഷമകൈക്കൊളളുന്നവർ സർവ്വശക്തനായ അല്ലാഹു(ത)യിൽ നിന്നുള്ള ഈ അത്ഭുത ദൃഷ്ടാന്തത്തിന് സാക്ഷികളായി തീരുന്നതാണ്.

ഇത്, ഹസ്രത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്തു സംഭ വിച്ചതുപോലെയുള്ള കാര്യമായിരിക്കും. ഹസ്രത് മുഹമ്മദ് മുസ്ത ഫ(സ)യുടെ വഫാത്ത് അനവസരത്തിലാണ് ഉണ്ടായതെന്ന് പറഞ്ഞ് ബദവികളായ അഥവാ അജ്ഞന്മാരായ അറബികൾ പ്രവാ കൻ (സ) നെ നിഷേധിക്കുകയുണ്ടായി. ദുഃഖാർത്തരായ പ്രവാ ചകശിഷ്യന്മാർ പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുക യുണ്ടായി. ഇത്തരം നിർണ്ണായക ഘട്ടങ്ങളിൽ, അല്ലാഹു(ത) ഹസ്രത് അബൂബക്കർ സിദ്ദീഖ്(റ) ഉറപ്പിച്ചു നിർത്തുകയുണ്ടായി. അദ്ദേഹത്തിലൂടെ അല്ലാഹു(ത) അവന്റെ ശക്തിപ്രഭാവം കാണി ക്കുകയുണ്ടായി. ഈ രണ്ടാം ശക്തി പ്രഭാവം, ശക്തിപ്രകടനം തീർച്ചയായും വിശാലമായതു തന്നെയാണ്.

അല്ലാഹു(ത)യുടെ രണ്ടാമതു ദൃഷ്ടാന്ത ശക്തി പ്രകടനം, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ആഗമന ത്തിന് ശേഷമുള്ള കാലഘട്ടമാണ്. അതിൽപെടുന്നതാണ് ഖുലഫാ ഉർറാശിദീൻ, മുജദ്ദിദുമാർ, തുടർന്ന് കഴിഞ്ഞ നൂറ്റാണ്ടിലെ വാഗ്ദ ത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) അദ്ദേഹത്തിന്റെ 100 വർഷത്തെ ദൗത്യത്തിൽ മുസ്ലിഹ് മൗഊദ്(റ)ന്റെ വരവും അതു പോലെ ഈ നൂറ്റാണ്ടിലും ഒരു മുസ്ലിഹ് മൗഊദ്, കാരണം അല്ലാ ഹു(ത)യ്ക്ക് നല്ലതുപോല അറിയാം, എങ്ങനെയാണ് അധികാര മോഹികളായ ആളുകൾ, എങ്ങനെയാണ് ദൈവീക അധ്യാപന ങ്ങളെ ചവിട്ടിമെതിക്കുന്നതെന്നും എന്നിട്ട് അവർ അവരുടെ സാമ്രാജ്യം പടുത്തുയർത്തുന്നതെന്നും.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ, അല്ലാഹു(ത) അവന്റെ ഖലീഫയെ എഴുന്നേല്പിച്ചു. അത്തരം ഒരു ഖലീഫയെ അല്ലാഹു(ത) സ്ഥാപിച്ചു. നിയമവാഹകനായ ഒരു പ്രവാചകന് ശേഷം, അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ (സ) ന് ശേഷം, ഇത്തരം വ്യവസ്ഥിതിയിലൂടെയാണ് ഇസ്ലാമിന്റെ പുരോഗതിയും, അതിന്റെ വിജയവും കുടികൊള്ളുന്നത്. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നവീകരിക്കുന്നതിന്, ഇത് അനുഗൃഹീതമായ ഒരു വ്യവസ്ഥിതിയാണ്. കാരണം ഇത് അല്ലാഹു(ത) താൻതന്നെ ഉയർത്തിയതാണ്. ചിലർ വിശ്വസിക്കുന്നതുപോലെ ഇത് മനുഷ്യനിർമ്മിതമായി ഉണ്ടാകുന്നതല്ല. (അതായത് ഇലക്ഷനിലൂടെ, വോട്ടുകൾ കൊടുത്ത്, അദ്ദേഹത്തിന് ദൈവീക വെളിപാടുകൾ ലഭിക്കുന്നതുമില്ല) അത്തരം വ്യവസ്ഥിതിയല്ല അല്ലാഹുവിന്റെ വ്യവസ്ഥിതി എന്ന് തിരിച്ചറിയുക)

ആയതിനാൽ അറിയുക, അല്ലാഹു(ത) തെരഞ്ഞെടുത്തു കഴിഞ്ഞാൽ അതാണ് അനുഗൃഹീത വ്യവസ്ഥിതി. അപ്പോൾ അതു പ്രവാചകത്വ രീതിയിലുള്ളതായി മാറുന്നു. അതിന് സമ്പൂർണ്ണ പുരോഗതി ഉറപ്പായും നല്കുന്നതാണ്. ഈ വിഷയം അത് ചെറുതാക്കേണ്ടിയിരിക്കുന്നു. ചെറുതാണെങ്കിലും തികച്ചും ആസ്വാദ്യകരമായതു തന്നെ. എല്ലാവർക്കും ഈ കാര്യം മനസ്സിലാക്കാവുന്നതുമാണ്, അതു അല്പാല്പം കൊടുക്കുന്നതാണ് നല്ലത്, ഇൻശാ അല്ലാഹ് അടുത്ത ആഴ്ച ഇതേ വിഷയം തുടരുന്നതാണ്. അല്ലാഹു(ത) അവന്റെ അനുഗ്രഹത്താൽ, ഇതുസംബന്ധമായി ആവശ്യമായ അറിവ് അവൻ നല്കട്ടെ, ആമീൻ

## അറിയിപ്പുകൾ

ആലപ്പുഴ, നാഇബ് അമീർ ഹാരിസ് സാഹിബ് അവർകളുടെ ഭാര്യ **റസിയ ഹാരിസ് സാഹിബ** വഫാത്തായ വിവരം വ്യസനസമേതം അറിയിക്കുന്നു. **ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ**

2020 ജനുവരി 08ന് തഹ്ജ്ജുദ് നമസ്ക്കാരത്തിനായി ഞാൻ ഉണർന്നപ്പോൾ, എന്റെ നാവിൽ ഈ വചനം അനേകം തവണ വരുകയുണ്ടായി ഇന്നലില്ലാഹ് വഇന്നാ ഇലൈഹി രാജിഊൻ.

**വുദൂഉ** പൂർത്തിയാക്കിയപ്പോൾ, എന്റെ നാവിൽ പ്രസ്തുത വചനം വീണ്ടും വീണ്ടും വരികയുണ്ടായി. **വുദൂഉ** എടുത്താൽ **വുദൂഉ**ന്റെ ദുആയ്ക്ക് പകരം ഈ വചനം അടിക്കടി വന്നുകൊണ്ടിരുന്നു. ഞാൻ ഇതിൽ നിന്നും എന്തോ ചില ദുഃഖ വാർത്തകൾ, ചില പ്രയാസങ്ങൾ, ദുഃഖങ്ങൾ, ബുദ്ധിമുട്ടുകൾ വരാൻ സാധ്യതയുണ്ടെന്ന് ഞാൻ ഇതിൽ നിന്നും മനസ്സിലാക്കുക

യുണ്ടായി.

അപ്പോൾ, അതാ പ്രഭാതത്തിൽ ഒരു വിഷയം സംബന്ധമായുള്ള ദുഃഖവാർത്ത എത്തി. രാത്രിയിൽ മഗ്‌രിബ് നമസ്ക്കാരാനന്തരം, റസിയ ഹാരിസ് സാഹിബയുടെ വഫാത്തിന്റെ ദുഃഖവാർത്തയും എനിക്ക് ലഭിക്കുകയുണ്ടായി.

എന്റെ വെള്ളിയാഴ്ച ഖുത്തുബകളിലെ അറിയിപ്പുകളിലൂടെ അനേകം പ്രവാശ്യം ഞാൻ പറഞ്ഞതുപോലെ അവർ രോഗബാധിതയായിരുന്നു. അവർക്ക് 56 വയസ്സ് പ്രായമായിരുന്നു. അവരുടെ ജനനതീയതി ചരിത്രപരമായതായിരുന്നു. അവർ മാർച്ച് 10നാണ് ജനിച്ചത് (10 മാർച്ച് 1963) 10 മാർച്ചിനാണ് ജമാഅത്തു സ്സഹീഹിൽ ഇസ്ലാം ഔദ്യോഗികമായി ഇവിടെ മൗറിഷ്യസിൽ രജിസ്റ്റർ ചെയ്തത്. അതിന് ഒരന്താരാഷ്ട്ര പരിവേഷമുണ്ടായിരുന്നു. അവർ വഫാത്തായത് (2020 ജനുവരി 8) 5 PM നായിരുന്നു. (ഇൻഡ്യയിലെ ലോക്കൽ സമയം) അവരുടെ ഭർത്താവും നമ്മുടെ നാഇബഅമീറുമായ ഹാരിസ് സാഹിബ് അടുത്തദിവസം (9 ജനുവരി 2020) രാവിലെ 10മണിക്ക് (10AM) മയ്യിത്ത് നമസ്ക്കാരത്തിന് നേതൃത്വം കൊടുക്കുകയുണ്ടായി. 12.30ന് (ലോക്കൽ സമയം ഇൻഡ്യ) ഖബറടക്കം നടത്തുകയും ചെയ്തു. അവർക്ക് ഭർത്താവും രണ്ടു മക്കളും ജീവിച്ചിരിപ്പുണ്ട്. ഫിറോസ് അഹമദ് സാബിബും, റോഷ്നിസാഹിബയും. കേരളത്തിലെ സിറാജ് മാക്കിന്റെ പ്രഥമ അധ്യക്ഷയായിരുന്നു അവർ. ദൈവീക ദൃഷ്ടാന്തത്തിൽ അവർ വളരെ ആത്മാർത്ഥത പുലർത്തിയിരുന്നു. തുടർച്ചയായി അവർ എന്നെ ബന്ധപ്പെട്ടിരുന്നു. അവരുടെ ജീവിതത്തിൽ വളരെയധികം പ്രവർത്തനങ്ങൾനടത്തിയ ഒരു മഹതി ആയിരുന്നു അവർ. ഞങ്ങളുടെ ആദ്യത്തെ സന്ദർശന വേളയിൽ 2017ൽ അവരുടെ വീട് സന്ദർശിക്കുവാനുള്ള അവസരം എനിക്കും എന്റെ കുടുംബത്തിനും ഉണ്ടായി എന്നതു എടുത്തുപറയേണ്ടുന്ന കാര്യമാണ്. അവരെപ്പോഴും പുഞ്ചിരിയോടെ, വിനയത്തോടെ, ദയയോടെ ജീവിതത്തെ നേരിട്ടു. അല്ലാഹു(ത)യോടു അതിരറ്റ സ്നേഹമായിരുന്നു. അവന്റെ ഖലീഫയോടും അപ്രകാരം തന്നെ; സർവ്വോപരി ദീനുൽ ഇസ്ലാമിനോടും!

ഇൻഡ്യയിലെ കേരളത്തിലെയും തമിഴ്നാട്ടിലെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അനുചരന്മാർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അതീവദുഃഖാവസരത്തിൽ അവരെല്ലാവരും നാഇബ് അമീർ ഹാരിസ് സാഹിബിനോടും അവരുടെ മക്കളോടും കാണിച്ച ഐക്യദാർഢ്യത്തിനും സഹായത്തിനും നന്ദിരേഖപ്പെടുത്തുന്നു. ഖബറടക്ക സംബന്ധമായി കേരളത്തിലെ അഹമദിയ്യാ ജമാ

അത്ത് കാണിച്ച സഹായ കരങ്ങൾക്ക് ഞാൻ അവർക്ക് നന്ദി രേഖപ്പെടുത്തുന്നു. അവർ ഇതിലൂടെ ശരിയായ ലക്ഷ്യമാണ് കാണിച്ചത്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്. ഇസ്ലാമിലെ യഥാർത്ഥ അധ്യാപനം നടപ്പിലാക്കുന്നതിന് അവർ ഏർപ്പെടുത്തിയ നിസ്സഹകരണം പിൻവലിക്കുകയുണ്ടായി. (അതായത് ഇസ്ലാമിക വിശ്വാസത്തിലെ സഹോദരനെ സഹായിക്കുക എന്ന നടപടി) മാശാ അല്ലാഹ്, ഇങ്ങനെയാണ് നാം ജീവിക്കേണ്ടത്, ഒരേ ദീനിലെ സഹോദരീ സഹോദരന്മാരായി അതായത് ഇസ്ലാമിൽ!

ഇൻശാ അല്ലാഹ്, ജുംആ നമസ്ക്കാരാനന്തരം, റസിയെ ഹാരിസ് സാഹിബയുടെ മയ്യിത്ത് നമസ്ക്കാരം ഗാഇബ് നിർവ്വഹിക്കുന്നതാണ്. അവർക്ക് അല്ലാഹു(ത) ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കട്ടെ. അവർ ചെയ്ത എല്ലാ ത്യാഗത്തിനും അവരുടെ പ്രകാശം അവൻ പൂർത്തികരിച്ചു കൊടുക്കട്ടെ. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തോടെ ചേർന്നുനിന്നതിനുള്ള പ്രതിഫലം പൂർണ്ണമായി നല്കട്ടെ. അവരുടെ മേൽ അല്ലാഹു(ത) അവന്റെ സ്നേഹവും കാരുണ്യവും അനുകമ്പയും വർഷിക്കട്ടെ. അവർക്ക് അനന്തമായ സമാധാനവും ശാന്തിയും പ്രദാനം ചെയ്യട്ടെ.

നമ്മുടെ നാഇബ് അമീർ, ഹാരിസ് സാഹിബിനും കുട്ടികൾക്കും ഇത് താങ്ങുവാനുള്ള ക്ഷമയും ധൈര്യവും നല്കട്ടെ. ആത്മാർത്ഥതയോടെയും തഖ്വയിലൂടെയും ദീനുൽ ഇസ്ലാമിന് സേവനം ചെയ്യുവാനുള്ള അവസരം, റസിയ സാഹിബയ്ക്കും മറ്റിതര നിഷ്ക്കളങ്കരായ സഹാബാമാർക്കും സഹാബിമാർക്കും നല്കിയതുപോലെ അവർക്കും നല്കട്ടെ, ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടതു മുതൽ ആരംഭിച്ച ഈ ദൈവീക ദൃഷ്ടാന്തം തുടരട്ടെ. ആമീൻ സുമ്മ ആമീൻ യാ റബ്ബൽ ആലമീൻ!



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*